# M.T.L.P SCHOOL
# NALKALIKKAL

# ഒരുമ

## ACADEMIC MASTER PLAN

## 2025-26





# വിദ്യാലയ വികസന രേഖ

എം.ടി.എൽ.പി. സ്കൂൾ നാൽക്കാലിക്കൽ

ഉപജില്ല : ആറന്മുള

പഞ്ചായത്ത് : ആറന്മുള

വിദ്യാഭ്യാസ ജില്ല : തിരുവല്ല

റവന്യൂ ജില്ല : പത്തനംതിട്ട

# SCHOOL PARTICULARS

| | | |
|---|---|---|
| School name | : | MTLPS Nalkalikkal |
| Rural area/Urban area | : | Rural area |
| Habitation name | : | Aranmula |
| Village name | : | Aranmula |
| Panchayat | : | Aranmula |
| Post office | : | Aranmula |
| Pin code | : | 689533 |
| BRC | : | Aranmula |
| CRC | : | Kidangannur |
| Block | : | Pandalam |
| Taluk | : | Kozhencherry |
| District | : | Pathanamthitta |
| Educational Society | : | Thiruvalla |
| Sub district | : | Aranmula |
| Head mistress | : | Dani . P.C |

# ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയത്തിന്റെ ലഘുചരിത്രം, ലക്ഷ്യങ്ങൾ
3. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
4. നിലവിലെ അവസ്ഥാ വിശകലനം
5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
6. അക്കാദമിക മാസ്റ്റർപ്ലാൻ (1-4 ക്ലാസ്)
7. ഉപസംഹാരം

# ആമുഖം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും ഏറ്റവും താഴ്ന്ന നിലയിലുള്ളതും സമ്പന്നരുമായ കുട്ടികളെ ഒരേ തട്ടിലാക്കി എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക, അവരിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യമാണ് ഈ വിദ്യാഭ്യാസത്തിനുള്ളത്. ഒരു ഹൈടെക് വിദ്യാലയം എന്ന നിലയിൽ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിലും നമുക്ക് ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്.

ആധുനിക സമൂഹം ആവശ്യപ്പെടുന്ന എല്ലാ സൗകര്യങ്ങളോടും കൂടി വിദ്യാലയത്തെ ഹൈടെക് ആക്കി മാറ്റേണ്ടതുണ്ട്. അക്കാദമിക മികവ് ഉറപ്പാക്കുന്നതിലൂടെ മാത്രമേ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കാൻ സാധിക്കൂ. ഭൗതിക സാഹചര്യങ്ങളുടെ മികവും, വിദ്യാലയങ്ങളിലുള്ള പൊതുസമൂഹത്തിന്റെ ഇടപെടലുകളുമെല്ലാം അക്കാദമിക മികവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിന് കരുത്തേകിക്കൊണ്ടിരിക്കുകയാണ്.

## ലക്ഷ്യങ്ങൾ

* പ്രദേശത്തെ കുട്ടികളുടെ പ്രവേശനം വിദ്യാലയത്തിൽ ഉറപ്പാക്കൽ
* മത്സരിക്കും വിധം ഭൗതിക, അക്കാദമിക മികവുകൾ സ്വന്തമാക്കൽ
* എല്ലാ കുട്ടികൾക്കും ഗുണമേന്മ വിദ്യാഭ്യാസം ലഭിക്കും വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുക
* പൊതുസമൂഹത്തിന്റെ നിരന്തരശ്രദ്ധ വിദ്യാലയത്തിൽ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക

# വിദ്യാലയ ചരിത്രം

ആറന്മുള വില്ലേജിൽ ആറന്മുള പഞ്ചായത്തിന്റെ 7-ാം വാർഡിൽ ഇടശ്ശേരിമല എന്ന സ്ഥലത്ത് നാൽക്കാലിക്കൽ എം.റ്റി. എൽ.പി. സ്കൂൾ സ്ഥിതിചെയ്യുന്നു

ഈ പ്രദേശം അക്ഷരാഭ്യാസത്തിലും പരിഷ്കാരത്തിലും പിന്നോക്കം നിൽക്കുന്ന സ്ഥലം ആയിരുന്നു ആ കാലത്ത് പഠനത്തിനു ആരംഭനാളുകളിൽ ആശാന്മാർ മാത്രമായിരുന്നു ആശ്രയം. മാരാമണ്ണിനു പോകാൻ ആറു കടക്കണമായിരുന്നു. എന്നാൽ കാലാവസ്ഥയ്ക്കനുസരിച്ച് പമ്പാനദിയിൽ വെള്ളം കൂടുകയും കുറയുകയും ചെയ്യുന്നതിനാൽ വളരെ പ്രയാസമായിരുന്നു. ആയതിനാൽ 1910-ൽ വടക്കേടത്ത് ശ്രീ. ഫിലിപ്പോസ് അദ്ദേഹത്തിന്റെ സ്ഥലത്തൊരു പ്രാർത്ഥനാലയം നിർമ്മിക്കുകയും ആ പ്രാർത്ഥനാലയത്തിൽ സാധുജനങ്ങളുടെ സന്താനങ്ങൾക്കും കോളനി നിവാസികൾക്കും അക്ഷരം പറഞ്ഞുകൊടുക്കുന്നതിനുള്ള അവസരമൊരുക്കി. ക്രമേണ കൊല്ലവർഷം 1087 (1912) ഒരു പ്രൈമറി സ്കൂളായി രൂപാന്തരപ്പെട്ടു.

ശ്രീ. ആർ. ചാക്കോ ആയിരുന്ന ഹെഡ്മാസ്റ്റർ ചുറ്റുപാടുമുള്ള മാന്യവ്യക്തികളുടെ പരിശ്രമത്തിൽ 12 സെന്റ് വസ്തു വിലയ്ക്ക് വാങ്ങി. ചെറുതും വലുതുമായ രണ്ടു കെട്ടിടം ഉണ്ടാക്കി. 1915-ൽ ഇത് 5-ാം ക്ലാസ് വരെയുള്ള പൂർണ്ണ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു. എം.റ്റി. & ഇ.എ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലും ആറന്മുള സെന്റ് തോമസ് പള്ളിയുടെ മേൽനോട്ടത്തിലുമാണ് ഈ സ്കൂളിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഈ സ്കൂളിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഈ സ്കൂളിന്റെ പുരോഗതിക്കായി സെന്റ് തോമസ് പള്ളിയുടെ വികാരി

അച്ചന്റെ നേതൃത്വത്തിൽ പി.ടി.എ, ലോക്കൽ അഡ്വൈസറി കമ്മിറ്റി എന്നിവരുടെ സഹകരണത്തോടെ സ്കൂൾ വികസന പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രഥമധ്യാപകർ

ഈ സ്കൂളിന്റെ പ്രഥമധ്യാപകരായി ശ്രീ. എംസി തോമസ്, ശ്രീ. പി.സി തോമസ്, ശ്രീ. സി.റ്റി ജോർജ്, ശ്രീമതി. പി.കെ ശോശാമ്മ, ശ്രീമതി മേരി ജോൺ, ശ്രീമതി. റെയ്ച്ചൽ ജോർജ്ജ്, ശ്രീമതി. വി.ആർ. ചിന്നമ്മ, ശ്രീമതി. ഏലിയാമ്മ തോമസ്, ശ്രീമതി. റേയ്ച്ചൽ എബ്രഹാം ശ്രീമതി. ആമന.ബി, ശ്രീമതി. മേഴ്സി തോമസ്, ശ്രീമതി ഷൈനി വർഗ്ഗീസ്, എന്നിവർ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2025 June 1-ാം തീയതി മുതൽ ശ്രീമതി. ഡാനി. പി.സി (HM) സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

## സമഗ്ര ഗുണമേന്മ പദ്ധതിയിലൂടെ സ്വായത്തമാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളുടെ ലക്ഷ്യങ്ങൾ

* സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* ഓരോ പാഠം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും ഉൾക്കൂടി തയ്യാറാക്കി രക്ഷകർത്താക്കളെക്കൂടെ അറിയിക്കുക.

* കുട്ടികളുടെ സർഗ്ഗപരതയും അഭിരുചികളും കായികപരമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

* പഠനത്തോടൊപ്പം സ്വഭാവരൂപീകരണത്തിനാവശ്യമായ പ്രവർത്തനങ്ങൾ നൽകുക.

* പ്ലാസ്റ്റിക് വിരുദ്ധ മനോഭാവം വളർത്തുക.

* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി മുന്നിലെത്തിക്കുക.

* പ്രകൃതിയെ സ്നേഹിക്കാനും പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കാനുമുള്ള താൽപര്യം വളർത്തുക.

# വിദ്യാലയം - പൊതുവിശകലനം

വിദ്യാലയത്തിലെ കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി നല്ല നിലവാരം പുലർത്തുന്നവരല്ല. കാർഷികമേഖല, കൺസ്ട്രക്ഷൻ മേഖല എന്നിവയിലാണ് കൂടുതൽ രക്ഷിതാക്കളും. വിദ്യാലയപ്രവർത്തനങ്ങളിൽ ഭൂരിഭാഗം രക്ഷിതാക്കളും തത്പരരാണ്. വിദ്യാലയവുമായി ഏതവസരത്തിലും ബന്ധപ്പെടാനും പ്രശ്നങ്ങൾ ചർച്ച ചെയ്യാനുമുള്ള അവസരം ഉണ്ട്. രക്ഷിതാക്കൾ ഇത് പരമാവധി പ്രയോജനപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ വിദ്യാലയവും രക്ഷിതാക്കളും തമ്മിൽ നല്ല ഹൃദയബന്ധം കാത്തുസൂക്ഷിക്കുവാൻ സാധിക്കുന്നു.

## നിലവിലെ നേട്ടങ്ങൾ

നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഓരോ വർഷവും ഒരുപാട് നേട്ടങ്ങൾ കൊയ്യാൻ സാധിച്ചിട്ടുണ്ട്. ശാസ്ത്ര ഗണിതശാസ്ത്ര മേളകളിലെ പ്രകടനം, കലോത്സവങ്ങളിലെ മികവ്, പഠനോത്സവം എന്നിവ എടുത്തു പറയേണ്ടവയാണ്. പഞ്ചായത്ത്, സബ്ജില്ലാ തല മേളകളിൽ വിദ്യാർത്ഥികൾ സമ്മാനാർഹരായിട്ടുണ്ട്. ലൈബ്രറി പുസ്തക വിതരണം കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കാറുണ്ട്.

## പോരായ്മകൾ

ഒരു എയ്ഡഡ് വിദ്യാലയം എന്ന നിലയിൽ ഭൗതികസൗകര്യങ്ങളിൽ ഏറെ പരിമിതികൾ അനുഭവിക്കുന്നു. ക്ലാസ് റൂമുകൾ കൂടുതൽ ആകർഷകമാക്കണം. കമ്പ്യൂട്ടർ പഠനം മെച്ചപ്പെടണം, കളിസ്ഥലം ആവശ്യമാണ്. ഭക്ഷണം ഇരുന്ന് കഴിക്കാനുള്ള സൗകര്യം എന്നിവ സജ്ജീകരിക്കേണ്ടതായിട്ടുണ്ട്.

# ഭൗതികാന്തരീക്ഷം

വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| * ടോയ്ലറ്റ് | 1 | |
| * പെൺകുട്ടികൾക്കായുള്ള ടോയ്ലറ്റ് | 1 | |
| * ആൺകുട്ടികൾക്കായുള്ള ടോയ്ലറ്റ് | 1 | |
| * ചുറ്റുമതിൽ | ഉണ്ട് | ആകർഷകം ആക്കാം |
| * കളിസ്ഥലം | ഇല്ല | |
| * അടുക്കള | ഉണ്ട് | ആധുനിക സൗകര്യങ്ങൾ ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള അവസരം |

## ഹൈടെക് അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ ലാപ്ടോപ്പ് | 1 | 4 |
| പ്രൊജക്ടർ - LED | 1 | - |
| ഇന്റർനെറ്റ് കണക്ഷൻ | ലഭ്യമാണ് | |
| സ്മാർട്ട് ക്ലാസ്റൂം | ഇല്ല | 4 |

ഹൈടെക് അധിഷ്ഠിത പഠനം പാഠ്യപദ്ധതിയുടെ ഭാഗമായതിനാൽ മുഴുവൻ ക്ലാസുകളിലും കമ്പ്യൂട്ടർ ഇന്റർനെറ്റ് കണക്ഷനോടെ ലഭ്യമാക്കേണ്ടതുണ്ട്.

## സാമൂഹ്യ പങ്കാളിത്തം- നിലവിലെ അവസ്ഥ

PTA/MPTA പ്രവർത്തനങ്ങൾ സജീവമാണ്. ക്ലബ്ബുകളും വായനശാലകളും വിദ്യാലയ പ്രവർത്തനങ്ങളുമായി സഹകരിക്കാറുണ്ട്. വിദ്യാലയത്തിലേക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിൽ പൂർവ്വ വിദ്യാർത്ഥികളും സഹകരിക്കുന്നു. പൊതുവെ വിദ്യാലയത്തോട് അനുകൂലമായ ഒരു സമീപനം സമൂഹത്തിൽ പ്രകടമാണ്.

## കുട്ടികളുടെ പഠന നിലവാരം

പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ ഓരോ ക്ലാസിലും ഉണ്ട്. അദ്ധ്യാപകർ അവരെ ക്ലാസിൽ ഉയർത്താൻ ശ്രമിക്കാറുണ്ട്. മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾക്ക് അതിനനുസരിച്ച് പ്രവർത്തനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കാറുണ്ട്.

## വിദ്യാലയ വികസന കാഴ്ചപ്പാട്രേഖ

ഭൗതികവും അക്കാദമികവും സാമൂഹ്യപരവുമായ മേഖലകളിൽ വിദ്യാലയം കൈവരിച്ച മികവുകൾ നിലനിർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം പഠനപിന്നോക്കാവസ്ഥ പരിഹരിക്കുകയും ഭൗതിക, അക്കാദമിക സാഹചര്യങ്ങൾ വികസിപ്പിക്കുകയും പ്രാദേശിക സമൂഹത്തിന്റെ പൊതു ഇടമായി വിദ്യാലയത്തെ മാറ്റി എടുക്കുക.

# അനുബന്ധ സംവിധാനങ്ങൾ/പ്രവർത്തനങ്ങൾ

* എസ്.ആർ.ജി : സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് തലത്തിൽ പഠനപ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും ചർച്ച ചെയ്ത് ആസൂത്രണം നടത്തിവരുന്നു. ഭാഷാപഠനത്തിനാവശ്യമായ പഠനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരാറുണ്ട്

* പി.ടി.എ : എല്ലാ മാസങ്ങളിലും കൃത്യമായി യോഗങ്ങൾ ചേരുന്നു. പി.ടി.എ/മദർ പി.ടി.എ യോഗങ്ങൾ ഒരുമിച്ച് ചേരാറാണ് പതിവ്

* ക്ലബ് പ്രവർത്തനങ്ങൾ : വിഷയങ്ങളുമായി ബന്ധപ്പെട്ടും പൊതുവായിട്ടുമായി എല്ലാ ക്ലബുകളും പ്രവർത്തിക്കുന്നു. ഓരോ ക്ലബും ഓരോ മാസം ഓരോ പരിപാടികൾ എങ്കിലും ഏറ്റെടുത്ത് നടത്താൻ ശ്രദ്ധിക്കണം. [illegible] സജീവ സാന്നിധ്യം ഉണ്ടാകാറുണ്ട്.

* ലൈബ്രറി : സ്കൂൾ ലൈബ്രറി സജ്ജീകരിക്കുവാൻ കഴിഞ്ഞു. റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുവാനും ശ്രദ്ധിക്കാറുണ്ട്

* കമ്പ്യൂട്ടർ : 1-4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. കമ്പ്യൂട്ടറിൽ ഉള്ള എണ്ണക്കുറവ് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്

* കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് : കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിനായി ഇംഗ്ലീഷ് ക്ലാസുകൾ ആഴ്ചയിൽ ഒരിക്കൽ നൽകി വരുന്നു

* സ്കൂൾ അസംബ്ലി : സ്കൂൾ അസംബ്ലി എല്ലാ ദിവസവും നടത്തിവരുന്നു. പത്രവായന, ദിനാചരണം, A word a day മുതലായവ നടത്തിവരുന്നു.

* കലാകായിക പരിശീലനം : കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ കുട്ടികൾക്കാവശ്യമായ പരിശീലനങ്ങൾ നൽകി സ്കൂൾ മേളകൾ നടത്തി വരുന്നു. ഉപജില്ലാതലത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു

* ഭക്ഷ്യമേള : കുട്ടികളുടെ ഭക്ഷണകാര്യങ്ങളിൽ ആരോഗ്യകരമായ മാറ്റം ഉണ്ടാകുന്നതിന് ഭക്ഷ്യമേള നടത്തിവരുന്നു

* വ്യായാമ പരിശീലനം : സ്കൂളിൽ കളിസ്ഥലം ഇല്ലാത്തതിനാൽ കുട്ടികളിൽ വ്യായാമപരിശീലനത്തിനായി എയ്റോബിക്സ്, യോഗ മുതലായ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു

* വായിക്കാനിത്തിരി നേരം : എല്ലാ ദിവസവും വായിക്കാനായി ഇത്തിരിനേരം വേർതിരിക്കുന്നു. കുട്ടികളിൽ അടിസ്ഥാന ഭാഷാ നൈപുണികൾ നേടിയെടുക്കാൻ ഇത് സഹായകമാണ്

* ബാലസഭ : കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനുള്ള ബാലസഭകൾ എല്ലാ മാസവും ചേരാറുണ്ട്

# ക്ലാസ് - 1
# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ / പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത് 2025-26 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത് പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ഇംഗ്ലീഷിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനം മൂല്യം ഓരോ കുട്ടിക്കും സാധ്യമാകുന്ന. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനസന്നദ്ധതയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ രചനകൾ, കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
- രക്ഷിതാക്കളുടെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ
- ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു
- കുട്ടികളെ ചെറു രചനകളിലൂടെ എഴുത്തിന്റെ ലോകത്തിലേക്ക് നയിക്കുന്നു
- ഡിജിറ്റൽ സാധ്യതകൾ, വായനക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് നയിക്കുന്നു

## പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുന്നു
- സർഗശേഷികൾ വളർത്തുന്നു
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മുതിർന്നവരുടെ സഹായത്തോടെ ചെറു എഴുത്തുകൾ നടത്തുന്നു വായിക്കുന്നു
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു

## പ്രവർത്തനങ്ങൾ

### ജൂൺ

- ക്ലാസ് PTA കൂടുന്നു
- സചിത്ര നോട്ട് ബുക്ക് തയ്യാറാക്കൽ
- സചിത്രവായന, സംയുക്തഡയറി എന്നീ ആശയങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക
- വായനകാർഡുകൾ നിർമ്മാണം
- കുട്ടിക്ക് സ്വയം കവിത, കഥ പറയാൻ അവസരം

### ജൂലൈ

- സംയുക്ത ഡയറി എഴുതാൻ സഹായം നൽകൽ
- കുട്ടിക്ക് കഥ പറയാൻ അവസരം നൽകൽ
- വായനമൂല നൽകൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു
- പുസ്തകങ്ങൾ തൊട്ടറിയാനും നിറത്തെ എടുത്തു നോക്കാനും അവസരം നൽകുന്നു
- ചെറിയ കഥകൾ കേൾക്കാൻ അവസരം നൽകുന്നു
- അഭിനയപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു
- ചിത്ര വായനക്ക് അവസരം നൽകുന്നു. വാചികമായി പറയാനും അവസരം നൽകുന്നു

### ഓഗസ്റ്റ്

- റീഡേഴ്സ് തിയേറ്റർ, പാട്ടരങ്ങ്
- ഫോട്ടോ വിശകലനത്തിന് അവസരം നൽകുന്നു
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു

• ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു

• ഓണോത്സവത്തിൽ കുട്ടികൾ സ്വന്തം രചനകൾ നടത്താൻ അവസരങ്ങൾ നൽകുന്നു

സെപ്റ്റംബർ

• സംയുക്ത ധ്വനി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു

• സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു

• ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ധ്വനി മെച്ചപ്പെടുത്തുന്നു

• കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു

ഒക്ടോബർ

• വായനോത്സവം സംഘടിപ്പിക്കുന്നു
• ആസ്വാദ്യകരമായ വായന നടത്തുന്നു
• ചിത്ര വായനക്ക് അവസരം ഒരുക്കുന്നു
• കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു

നവംബർ

• സംയുക്ത ധ്വനി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു

• പത്രവായനക്ക് അവസരം ഒരുക്കൽ

• താളാത്മകമായി കവിതകൾ ചൊല്ലുന്നു

• ചിത്ര വായന നടത്തുന്നു

ഡിസംബർ

• രചനാ ശേഷി പരിപോഷിപ്പിക്കൽ
• ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നു
• ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു
• കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്ന

പോരായ്മ പരിഹാരം ചെയ്യുന്നതിനും കഴിയുന്നു
സന്ദർഭങ്ങളിലെ വസ്തുകൾ ഉപയോഗിച്ച് ആശയപൂർ
ണമായ രചന ചെയ്യുന്നതിന് കഴിവ് നേടി രചന പ്രവർത്ത
നങ്ങളിൽ പങ്കെടുക്കുന്നു

## ജനുവരി

- കുട്ടികളിൽ എഴുത്തിന്റെ ലോകത്തിലേക്ക് കടന്നുവരാനി നായുള്ള പ്രോത്സാഹനം നൽകുന്നു
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ തുടങ്ങിയവയുടെ പ്രകാശനം
- ആത്മവിശ്വാസത്തോടെ സ്വന്തമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു
- വിജയങ്ങൾ സമൂഹത്തിനുമുമ്പിൽ പ്രകാശിപ്പിക്കുന്നു

## ഫെബ്രുവരി

- ആശയ പൂർണ്ണതയോടെ തനതായ രചനകൾ നടത്തുന്നു
- കുട്ടികളുടെ രചനകൾ മാസികയിൽ ചേർക്കുന്നു
- ആത്മവിശ്വാസത്തോടെ സ്വന്തമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു
- കുട്ടികളുടെ വിജയങ്ങൾ സമൂഹത്തിനു മുന്നിൽ പ്രകാശിപ്പിക്കുന്നു

## മാർച്ച്

- കുട്ടികൾ സ്വന്തം രചയിതാക്കളായി മാറിയിട്ടുണ്ട്.
- ഉൾക്കൊള്ളുന്ന പഠനം വഴി മികച്ച നേട്ടം കൈവരിക്കുന്നു
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പാക്കുന്നു
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉപയോഗിക്കുന്നു
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്
- കുട്ടികൾ സ്വയം രചനയിലെ കഥകൾ, കവിതകൾ എന്നിവ പുസ്തകരൂപത്തിലാക്കി പ്രകാശനം ചെയ്യുന്നു

## ധാരണകൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു
- അഞ്ചു വരെയുള്ള എണ്ണത്തെ പാട്ടിലൂടെ കൂട്ട-ത്തിൽ കുറവ് എണ്ണിനോക്കി വിശദീകരിക്കുന്നു
- അഞ്ചുവരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു
- ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂടിയാൽ അതിനടുത്ത വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു
- സംഖ്യകളുടെ ആരോഹണ - അവരോഹണ ക്രമത്തിൽ എഴുതുന്നു
- രണ്ട് അക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് അക്ക സംഖ്യകളുടെ വ്യവകലനം
- ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റ സംഖ്യാപാറ്റേൺ രൂപീകരിക്കൽ
- ഒറ്റ സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു
- രൂപങ്ങൾ തിരിച്ചറിയുകയും ആകൃതിക്കനുസരിച്ച് തരം-തിരിക്കുകയും ചെയ്യുന്നു.

# പ്രവർത്തനങ്ങൾ

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു
- സംഖ്യാ കാർഡ് നിർമ്മിക്കൽ
- രൂപങ്ങൾ തിരിച്ചറിയുന്നു
- ആകൃതിക്കനുസരിച്ച് തരംതിരിക്കലും ചെയ്യുന്നു
- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ

## ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതത്തിന് തയ്യാറാകുന്നു
- സംഖ്യ കാർഡ് തയ്യാറാക്കുന്നു

## ഓഗസ്റ്റ്

- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു

## സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ അവതരിപ്പിക്കൽ, അഭിനയിക്കൽ
- രണ്ട് സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
- രണ്ട് സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്

## ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ

## നവംബർ

- സംഖ്യ ഗാനങ്ങൾ പാടുന്നു; രചിക്കുന്നു
- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
- ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

- ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു
- ഒന്ന് മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

## ഫെബ്രുവരി

ഗണിത ആൽബം പ്രദർശിപ്പിക്കൽ
വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ് പൂർത്തിയാക്കുന്നു
- ലളിതമായ ഗണിതക്കളികളിൽ ഏർപ്പെടുന്നു
- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
- സംഖ്യകളുടെ പകുതി, ഇരട്ടി എന്നിവ തിരിച്ചറിയുന്നു

## ലക്ഷ്യങ്ങൾ

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
* വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു
* സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു
* പൂക്കളുടെ സാമ്യവ്യത്യാസം പട്ടികപ്പെടുത്തുന്നു
* നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് എന്ന് കണ്ടെത്തുന്നു.
* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണ് എന്ന് മനസിലാക്കുന്നു

## പ്രവർത്തനങ്ങൾ

### ജൂൺ

- പ്രകൃതിനടത്തം
- പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ (വൃക്ഷം നടീൽ, അടുക്കളത്തോട്ടം)

### ജൂലൈ

- ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കൽ
- പട്ടികപ്പെടുത്തൽ
- പ്രകൃതി നടത്തം, സസ്യങ്ങളെ നിരീക്ഷിക്കുന്ന പേരുകൾ കണ്ടെത്തുന്നു, പറയുന്നു, എഴുതുന്നു
- സ്കൂൾ പൂന്തോട്ട നിർമ്മാണം

### ആഗസ്റ്റ്

- വിവിധതരം ചെടികൾ പ്രദർശിപ്പിക്കുന്നു (നിരീക്ഷിച്ച് പ്രത്യേകത പറയൽ) ഉദാ: ചെമ്പരത്തി, പലതരം പൂക്കൾ മരുന്നായി ഉപയോഗിക്കും. മണമില്ല.
- സ്കൂളിലും വീട്ടിലും അടുക്കളത്തോട്ടം, പൂന്തോട്ടം നിർമ്മാണം

### സെപ്റ്റംബർ

- നിരീക്ഷണം (ചെടികൾ നിരീക്ഷിച്ച് ആഹാരയോഗ്യമായവയും ഭംഗിക്ക് ഉപയോഗിക്കുന്നവയും കണ്ടെത്തൽ)
- മരങ്ങൾ ചെടികൾ വ്യത്യാസം തിരിച്ചറിയൽ
- വിവിധതരം പൂക്കൾ (ചിത്ര ശേഖരണം)

### ഒക്ടോബർ

- ചെടികളുടെ വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയവ ഉണ്ടെന്ന് കണ്ടെത്തുന്നു. ചിത്രീകരിക്കുന്നു. വിശദീകരിക്കുന്നു
- പലതരം ചെടികൾ ഉണ്ടെന്ന് കണ്ടെത്തുന്നു

## നവംബർ

- പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ കണ്ടെത്തൽ നിറത്തിന്റെ അടിസ്ഥാനത്തിൽ
- വീട്ടിൽ നിർമ്മിച്ച അടുക്കളത്തോട്ടം നിരീക്ഷണം. (Photo share ചെയ്യൽ)
- ചെടികൾ നടാൻ/വളരാൻ എന്തെല്ലാം ആവശ്യമാണ് എന്ന് തിരിച്ചറിയൽ

## ഡിസംബർ

- ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു (പട്ടികപ്പെടുത്തുന്നു).
- ചാർട്ട് തയ്യാറാക്കി പ്രദർശനം

## ജനുവരി

- ഔഷധത്തോട്ടം നിർമ്മാണം
- ശേഖരണ പുസ്തകം (ഔഷധം)
- ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ (ജലം)

## ഫെബ്രുവരി

- എന്റെ പൂക്കൾ (ആൽബം)
- CPTA-ൽ "എന്റെ പൂക്കൾ" ആൽബം പ്രദർശനം
- എന്റെ പരിസരപഠനപുസ്തകം പരിചയപ്പെടുത്തൽ

## മാർച്ച്

- ചെടികളിൽ വ്യക്തമായ ധാരണ ഉറപ്പിക്കാൻ കഴിയുന്നു
- KT മുഖേന ചെടികൾ, പൂക്കൾ കാണാൻ അവസരം ഒരുക്കൽ

## Objectives and Learning Outcomes

- Respond to Simple instructions in the class-room
- Describe orally about the pictures and objects
- Familiarise with Simple words
- Enjoy Songs and Sings them with Rhythm and actions
- Familiarise the names of birds, animals, their young ones and identifies them from pictures

## June

- Introduce symbol words
- Provides picture cards
- Identifies an object / person
- Gives a familiar picture ( Apple, Ant, Bus)

## July

- Identifies familiar word
- Say familiar word
- Read familiar word
- Write familiar word

## August

- Enjoy songs and sings them with rhythm and action
- Describes orally about pictures and objects using adjectives

## September

- Read and write simple words and simple sentence
- provide picture cards and reading cards

## October

- Introduce symbol picture descriptions
- Make word chain, sentence chain
- Make riddles
- Describing words, rhyming words
- Text book activities

November

- Prepare reading cards
- Provide more opportunities to read, right and speak English
- Writes five english words daily

December

- Read and understand simple instructions in the classroom
- Encourage digital reading

January

- Enjoy songs and sing them with rhythm and action
- Make picture albums
- Collect pictures of animals and its young ones

February

- Provide the opportunity to express myself in the classroom.
- English assembly one in a week

March

- Speaks english fluently
- Read and write simple sentences
- Picture reading and picture description

# അക്കാദമിക മാസ്റ്റർ പ്ലാൻ

# Class II

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ : M.T L.P School Nalkalikkal

ക്ലാസ് : I

ക്ലാസ് ടീച്ചറുടെ പേര് : വാണി. പി. ജി

ഉപജില്ല : ആറന്മുള

ജില്ല : പത്തനംതിട്ട

## ഉള്ളടക്കം


1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാളി മധുരം
4. സംയുക്ത ഡയറി - സ്വതന്ത്ര ഡയറി
5. പാട്ടരങ്ങ്
6. പപ്പറ്റ് തിയേറ്റർ
7. നാട്ടുവിശേഷം കൂട്ടെഴുത്ത്
8. ക്ലാസ് പത്രം
9. രചനോത്സവം
10. വായനോത്സവം
11. ഭാഷോത്സവം
12. ഗണിത കേളികൾ
13. ഗണിത കിറ്റ്
14. പരീക്ഷണങ്ങൾ
15. ലഘു പ്രോജക്ട്
16. പരീക്ഷണ കിറ്റ്
17. രക്ഷിതാക്കൾക്ക് ശിൽപ്പശാല
18. വിജയ സ്പർശം

19. പാനീയമേള
20. ഭക്ഷ്യമേള
21. പലഹാരമേള

## പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണകാലം മാസം |
|---|---|---|
| 1. | പ്രവർത്തനകലണ്ടർ | ജൂൺ - മാർച്ച് |
| 2. | മലയാള മധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്തഡയറി - സ്വതന്ത്ര ഡയറി | ജൂൺ - മാർച്ച് |
| 4. | പാട്ടരങ്ങ് | ജൂലൈ - മാർച്ച് |
| 5. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 6. | നാട്ടുവിശേഷം | ഓഗസ്റ്റ് മുതൽ |
| 7. | ക്ലാസ് പത്രം | ഓരോന്ന് വീതം |
| 8. | രചനോത്സവം | ജൂലൈ - ഫെബ്രുവരി |
| 9. | വായനോത്സവം | ജൂലൈ - മാർച്ച് |
| 10. | ഭാഷോത്സവം | ജനുവരി |
| 11. | ഗണിതകളികൾ | ജൂൺ - മാർച്ച് |
| 12. | ഗണിത കിറ്റ് | ജൂൺ - മാർച്ച് |
| 13. | പരീക്ഷണങ്ങൾ | ഓരോമാസവും ഓരോന്ന് വീതം |
| 14. | ലഘുപ്രോജക്ട് | ഓരോ മാസവും ഓരോന്ന് |

15. പരിശീലന കിറ്റ് - ജൂൺ - മാർച്ച്

16. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ

17. വിജയപർവം - ജൂൺ - മാർച്ച്

18. പാനീയമേള - ഡിസംബർ

19. ഭക്ഷ്യമേള - ഡിസംബർ

20. പലഹാരമേള - ഡിസംബർ

## ആമുഖം

എൻ.ടി. എൽ.പി. സ്കൂൾ നാൽകളിൽ 2025-26 അധ്യയന വർഷം രണ്ടാം ക്ലാസിൽ 3 കുട്ടികൾ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

2. പ്രവർത്തന കലണ്ടർ

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ - മാർച്ച്
3. സംയുക്ത ഡയറി - ജൂലായ് - മാർച്ച്
4. പാട്ടരങ്ങ് - ജൂൺ - മാർച്ച്
5. റീഡേഴ്സ് തിയേറ്റർ - ജൂലായ് - മാർച്ച്
6. നാട്ടുവിശേഷം - ജൂലായ് - മാർച്ച്
7. ഞാൻ പത്രം - ഓഗസ്റ്റ് മുതൽ
8. രചനോത്സവം - ജൂലൈ മുതൽ
9. വായനോത്സവം - ജൂലൈ മുതൽ
10. ഭാഷോത്സവം - ജനുവരി
11. ഗണിത കേളികൾ - ജൂൺ - മാർച്ച്
12. ഗണിത കിറ്റ് - ജൂൺ - മാർച്ച്
13. പരീക്ഷണങ്ങൾ - ജൂൺ - മാർച്ച്
14. പാനീയ മേള - ഡിസംബർ
15. പലഹാര മേള - ഡിസംബർ

3. മലയാള മധുരം

ലക്ഷ്യം : ആത്മ വിശ്വാസത്തോടെ സ്വതന്ത്ര വായന
അവസരമൊരുക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

* കുട്ടിയും രക്ഷിതാവും ചേർന്ന് വായന ആരംഭിക്കുന്നു.
* വായനോത്സവം കുട്ടികളുടെ വായന മെച്ച
അനുസൃതമാകുന്ന പുസ്തക വിതരണം.

* SRG യിൽ അവലോകനം - ആഗസ്റ്റ്
* CPTA യിൽ അവലോകനം - ആഗസ്റ്റ്
* പുസ്തക പ്രകാശനം - ജനുവരി

## 4. സംയുക്ത ഡയറി

ലക്ഷ്യം: സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

പ്രവർത്തനഘട്ടങ്ങൾ

* ടീച്ചർ ഡയറി അവതരണം.
* CPTA യിൽ ഡയറി പരിചയപ്പെടുത്തൽ
* എഴുത്തിന്റെ വികാസ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ
* കുട്ടികളുടെ ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വയ്ക്കുന്നു.
* ഡയറി പുസ്തക രൂപത്തിലേക്ക് - ജനുവരി

## 5. പാട്ടരങ്ങ്

ലക്ഷ്യം: താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ

* പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ ബോധ്യപ്പെടുത്തൽ
* ഏകദിന ശില്പശാല
* ബാലസഭയിലെ അവതരണം.

6. റീഡേഴ്സ് തിയേറ്റർ

ലക്ഷ്യം : രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെ

പ്രവർത്തനഘട്ടങ്ങൾ

* SRG യിൽ ആശയം പങ്കിടുന്നു.
* പാഠഭാഗങ്ങൾ, ലഘു ബാലസാഹിത്യ കൃതികൾ എന്നിവ അവതരിപ്പിക്കുന്നു.
* മികച്ച വായനക്കാർക്ക് പ്രോത്സാഹനം
* ബാലസഭയിൽ അവതരണം.
* ഭാഷോത്സവത്തിൽ മികച്ചത് അവതരണം.

7. നാട്ടുവിശേഷം കൂട്ടെഴുത്ത്

ലക്ഷ്യം : പരിസരപഠനത്തിലൂടെ ഭാഷാപഠനസാധ്യത ഒരുക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

* പ്രകൃതി നടത്തം
* പാഠഭാഗത്തിനനുയോജ്യമായ പ്രകൃതി പഠനസാധ്യതകൾ കണ്ടെത്തി ആസൂത്രണം.

8. ക്ലാസ് പത്രം

ലക്ഷ്യം : ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

* SRG യിൽ അവതരണം.
* CPTA യിൽ പദ്ധതി അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.

* കണ്ടെത്തലുകളുടെ അവതരണം.
* ക്രോഡീകരണം നടക്കുന്നു.
* പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം. മെച്ചപ്പെടുത്തുന്നതിന്, മികച്ചവ ഭാഷോത്സവത്തിൽ അവതരണം.

9. രചനോത്സവം

ലക്ഷ്യം : എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

പ്രവർത്തനഘട്ടങ്ങൾ

* രചനോത്സവത്തിന്റെ മുന്നോടിയായി ക്ലാസ് തല പ്രവർത്തനങ്ങളിലെ മികച്ച രചനകൾ കണ്ടെത്തുന്നു.
* കൂടുതൽ വായനയ്ക്ക് അവസരം ഒരുക്കുന്നു.

10. വായനോത്സവം

ലക്ഷ്യം : എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരായി മാറ്റുന്നു.

പ്രവർത്തനഘട്ടങ്ങൾ

* മാതൃകാ വായന : അധ്യാപകർ, Audio clipings, Visual treats
* അമ്മ വായന

11. ഭാഷോത്സവം

ലക്ഷ്യം : കുട്ടികളുടെ സർഗ്ഗശേഷികൾ വികസിക്കുന്നതിന് അവസരം ഒരുക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ

* വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
* അസംബ്ലിയിൽ കുട്ടികൾക്ക് വായിക്കാനവസരം നൽകുന്നു.

* പ്രാദേശികമായ സാഹിത്യകാരന്മാരുടെ സഹകരണം തേടുന്നു.

## ഗണിത കേളികൾ/ഗണിതകിറ്റ്

ലക്ഷ്യം

* ഗണിത പഠനത്തിൽ താൽപര്യമുണ്ടാക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ

* വിവിധ കളികളിലൂടെ ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു.

Ex: കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)
ഡൊമിനോ കളികൾ (വ്യവകലനം)
ബോൾ കളി (ഗുണനം)

- ഗണിത കിറ്റുകളിൽ എന്തൊക്കെ
  - 10 ന്റെ കെട്ടുകൾ
  - മഞ്ചാടി
  - പുളിങ്കുരു
  - സ്ട്രോ
  - കളിനോട്ടുകൾ

## പരീക്ഷണങ്ങൾ

ലക്ഷ്യം: ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു.

അന്വേഷിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ചു കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയും ചെയ്യുന്നു.

## മേഖല

പാനീയ മേള, ഭക്ഷ്യമേള, പലഹാരമേള

ലക്ഷ്യം

പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാര പദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

അവ ഉണ്ടാക്കുന്നവിധം മനസിലാക്കുന്നതിനും

ഇവ ആരോഗ്യത്തിന് പ്രധാനമാണെന്ന് മനസിലാക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു.

# Academic Master Plan

STD II English

Aim : To speak, Read & Write English without any mistakes

Time : June, July, August

June

Pretest

To develop listening skills & reading skills First

Listening skills

Games, Action songs Hello English activities, Conversations, Skit stories

Use ICT

Speaking skills

Descriptions, growing sentences.

Picture reading, picture description

Self introduction Assembly activities

Speech, book review, quiz riddles,

Self introduction etc

July & Augusts

Reading Skills

News paper reading, library books reading, book review, reading breaking news reading, collect and read past tense find words. Collect and read past tense find words. collect
rhyming words, describing words etc
Textbook activities

Writing Skills

Make word web, picture description word chain Sentence chain, make words Sentences make riddles conversations add more lines, develop Story, description notice proclamation, diary letter Announcement magazines.

## September & october

Read and write Simple words and Stories.
Provide picture cards and reading cards
Introduce Simple picture descriptions.
Make word chain, Sentence chain
Make riddles
Describing words and rhyming words.
Textbook activities

## November & December

Prepare reading cards
Provide more opportunities to read, right and speak English
writes five English words daily.
Read and understand Simple instructions in the classroom
Encourage digital reading.

## January & February

Enjoy Songs and Sing them with rhythm and action.

Make picture albums

collect pictures of animals and its young ones.

Provide the opportunity to express myself in the classroom

## March

Speak English fluently

Read and write Simple stories.

Picture reading and picture description.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## ക്ലാസ് 3

## മലയാളം

ലക്ഷ്യങ്ങൾ

* കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും
* രചനകൾ ഭാവാത്മകമായി വായിക്കുക
* ആസ്വദിച്ച സാഹിത്യരൂപങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് ... തുടങ്ങിയവ) ശ്രദ്ധേയമായ വാക്കുകളും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുക
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കുക
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കുക

## പ്രവർത്തനങ്ങൾ

ജൂൺ - ജൂലായ്

* നാടൻപാട്ടുകൾ ശേഖരണം
* പഴഞ്ചൊല്ലുകൾ ശേഖരണം
* കഥാശേഖരം (നാട്ടുകഥകൾ)
* കടങ്കഥകൾ ശേഖരണം, കടങ്കഥ ചീട്ട്, കടങ്കഥ പാട്ടുകൾ
* കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം
* പാവ നാടകം

ആഗസ്റ്റ് - സെപ്റ്റംബർ

* കൃഷിപ്പാട്ടുകൾ കൃഷിചൊല്ലുകൾ ശേഖരണം
* നാടൻകളികൾ, കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
* നാടൻപാട്ട് ശില്പശാല

ഒക്ടോബർ - നവംബർ

* പലഹാരമേള, പാചകക്കുറിപ്പ് തയ്യാറാക്കൽ
* പലഹാരപ്പതിപ്പ്

ഡിസംബർ - ജനുവരി

* കത്തുകൾ തയ്യാറാക്കൽ
* പോസ്റ്റർ രചന

ഫെബ്രുവരി - മാർച്ച്

* അനുഭവക്കുറിപ്പ് തയ്യാറാക്കൽ
* കഥാവായന

# പരിസരപഠനം

## ലക്ഷ്യങ്ങൾ

* നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം
* പ്രകൃതി സംരക്ഷണം
* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
* ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക
* കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക

## പ്രവർത്തനങ്ങൾ

### ജൂൺ

* പ്രകൃതി നടത്തം (വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം)
* പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ
* പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ
* സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ

ഓഗസ്റ്റ്

- മഴമാപിനി നിർമാണം
- ജലസംരക്ഷണ പോസ്റ്റർ നിർമാണം.
- മണ്ണ് നിരീക്ഷണം
- മണ്ണ് കൊണ്ട് രൂപങ്ങൾ നിർമിക്കൽ
- മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ

സെപ്റ്റംബർ

- ശുചിത്വ പോസ്റ്റർ നിർമാണം.
- ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ

ഒക്ടോബർ

- ഫീൽഡ് ട്രിപ്പ്
- എന്റെ ആരോഗ്യകാർഡ്
- BMI

നവംബർ

- റോൾപ്ലേ - റോഡ് നിയമങ്ങൾ
- First aid kit തയ്യാറാക്കൽ
- Readers theatre
- ബാല സുരക്ഷ . പത്ര cuttings , ബോധവത്കരണം.

ഡിസംബർ

- ചിത്രീകരണങ്ങൾ (globe)
- ഗ്ലോബ് നിർമ്മാണം
- ഭൂപടം വരയ്ക്കൽ
- ഭൂപട ചിഹ്നങ്ങൾ തിരിച്ചറിയൽ
- ഭൂപട വായന
- ഭൂപ്രകൃതി തിരിച്ചറിയൽ

ജനുവരി

- ജീവികളുടെ കൂടുകൾ, ചിത്രശേഖരണം
  ആൽബം നിർമ്മാണം
- വ്യത്യസ്തതരം വീടുകൾ ആൽബം
- വീട് നിർമ്മാണ ഇടം സന്ദർശനം

ഫെബ്രുവരി

- വ്യത്യസ്തതരം ജോലികൾ - സർവേ
- പൊതുസ്ഥാപനം സന്ദർശിക്കുന്നു

# ഗണിതം

## ലക്ഷ്യങ്ങൾ

* ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു
* 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു
* എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക
* സങ്കലനം, വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക
* ധാരണ വസ്തുതകൾ നേടൽ
* ഗണിതക്രിയകളുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ

# പ്രവർത്തനങ്ങൾ

## ജൂൺ - ജൂലായ്

* ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു
* ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
* കിരീടം നിർമാണം, തോണി നിർമാണം. (കളർ A4 Sheet)
* വെജിറ്റബിൾ പ്രിന്റിംഗ്

ആഗസ്റ്റ് - സെപ്റ്റംബർ

* പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം
* ഗണിത കളികൾ

ഒക്ടോബർ - നവംബർ

* സ്കെയിൽ നിർമ്മാണം
* ഒറിഗാമി, ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ

ഡിസംബർ - ജനുവരി

* ഗുണന വസ്തുത കാർഡ് നിർമ്മാണം
* ക്ലോക്ക് നിർമ്മാണം

ജനുവരി ഫെബ്രുവരി

* അളവുകൾ കണ്ടെത്തുന്നു
* സ്കെയിൽ നിർമ്മാണം

# English

Aim

* To study, write and read simple words
* Create more opportunities for English speaking in the class room
* To develop listening skills and reading skills
* Identify the naming words from the picture
* To express thoughts, feelings etc
* To improve the presentation power

## Activities

June - July

* Pre-test
* Games, Action songs
* Hello English activities, conversations
* Books reading, Rhyming words

August

* Prepare an album collecting pictures of various fruits and vegetables
* Picture description
* Thoughts

September

* Diary
* List the animals in the alphabetical order

October

* write story in my creative space
* Develop stories from picture

# ക്ലാസ്-നാല്

# അക്കാദമിക മാസ്റ്റർ പ്ലാൻ

<u>മലയാളം</u>

<u>ലക്ഷ്യങ്ങൾ</u>

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
* വായന ശേഷി വളർത്തൽ
* എഴുത്ത് പരിപോഷിപ്പിക്കൽ
* ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ
* അറിവ് ഡോക്യുമെന്ററിലൂടെ നേടൽ (ICT)
* നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ
* സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ
* പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ
* ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.

# പ്രവർത്തനങ്ങൾ

## ജൂൺ

- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ
- ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ
- ചിത്രവായന, സംഭാഷണം തയ്യാറാക്കൽ
- റോൾപ്ലേ, പാവനാടകം
- യാത്രാ അനുഭവ വിവരണം പറയൽ, എഴുതൽ
- ഗദ്യത്തെ പദ്യമാക്കൽ

## ജൂലൈ

- ഉപപാഠ പരിചയക്കുറിപ്പ്, കത്ത് തയ്യാറാക്കൽ
- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ
- ഓർമ്മദിനങ്ങൾ ആചരിക്കൽ
- പുസ്തക പരിചയം

## ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി ഒരുക്കൽ
- ക്ലാസ് വായന മൂലം
- വായനക്ക് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ

## സെപ്റ്റംബർ

- പുസ്തക പരിചയം
- വായനക്കുറിപ്പ് തയ്യാറാക്കൽ
- ആസ്വാദനക്കുറിപ്പ്
- എഴുത്ത് പരിപോഷിപ്പിക്കൽ . പാഠഭാഗങ്ങളിൽ നിന്നും പത്ര പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ അവതരിപ്പിക്കൽ

## ഒക്ടോബർ

- സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവാദിക്കൽ
- ഡോക്യുമെന്ററി പ്രദർശനം

## നവംബർ

- പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വിഭവങ്ങൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ
- പുസ്തക സംവാദം
- ആനുകാലിക വായന

## ഡിസംബർ

- ഭാവാത്മക വായന
- വാർത്തകൾ - അവതരണം
- ലഘുചിത്രങ്ങൾ പ്രദർശനം

## ജനുവരി

- ക്രിസ്മസ്, ലഘു പ്രഭാഷണം ജീവിത രേഖ
  നക്ഷത്രങ്ങൾ പതിപ്പ് നിർമ്മാണം - പ്രദർശനം
- പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം
  ക്ലാസ് റൂമിലേക്ക് കലാവതരണം. കലയുമായി
  ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം

## ഫെബ്രുവരി

- ഭക്ഷ്യമേള - പാചക കുറിപ്പുകളിലെ പതിപ്പ്
  നിർമ്മാണം.
- ക്ലാസിലൊരു സദ്യ

## മാർച്ച്

- കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം.

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

* ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ.
* തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി
* സർഗാത്മകതാ പരിപോഷണം
* സർഗാത്മകതാ രചനശേഷി വികസനം
* ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്
* വായനാ പരിപോഷണം
* ഇംഗ്ലീഷ് നന്നായി എഴുതുവാനും പറയുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ

### പ്രവർത്തനങ്ങൾ

**ജൂൺ**

* ഇംഗ്ലീഷ് ഡയറി എഴുത്ത്
* ഇംഗ്ലീഷ് അസംബ്ലിയുടെ നടത്തിപ്പ്
* നോട്ടീസ് തയ്യാറാക്കൽ
* സംഭാഷണം തയ്യാറാക്കൽ
* ഇംഗ്ലീഷ് കോർണർ

ജൂലൈ

- ചോദ്യാവലി തയ്യാറാക്കൽ
- ചിത്രകഥ തയ്യാറാക്കൽ

ആഗസ്റ്റ്

- വിവരണം
- പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി മാറ്റൽ

സെപ്റ്റംബർ

- കടംകഥകൾ തയ്യാറാക്കൽ
- കവിതകളുടെ പ്രത്യേകതകൾ, വാക്കുകൾ കണ്ടെത്തൽ
- വിവരണക്കുറിപ്പ് (ഉറുമ്പുകളുടെ ജീവിതരീതി)
- ചിത്രകഥ തയ്യാറാക്കൽ

ഒക്ടോബർ

- ഡിജിറ്റൽ പോസ്റ്റർ തയ്യാറാക്കൽ (വായന ശീലം പ്രോത്സാഹിപ്പിക്കൽ)
- Thoughts തയ്യാറാക്കൽ
- Book mark നിർമ്മാണം

നവംബർ

- ചിത്രകഥ തയ്യാറാക്കൽ

ഡിസംബർ

- പോസ്റ്റർ നിർമ്മാണം
- കവിത രചന

ജനുവരി

- ഇംഗ്ലീഷ് തിയേറ്റർ
- നാടകം
- ഇംഗ്ലീഷ് മാഗസിൻ

ഫെബ്രുവരി, മാർച്ച്

- ഇംഗ്ലീഷ് കൈയെഴുത്ത്
- ഇംഗ്ലീഷ് ഫെസ്റ്റ്
- വായനാ മത്സരം, രചനാ മത്സരം സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം

# ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിത പഠനം രസകരമാക്കൽ (പ്രവൃത്തികൾ ലളിതമാക്കൽ)
- ഗണിത ശാസ്ത്ര പഠനം - കരചലന ശേഷി വികാസം
- ഗണിത പഠനം സുതാര്യമാക്കൽ
- ഗണിത ലാബ് ഉപയോഗപ്പെടുത്തൽ
- ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ
- ഗണിത ശേഷികളുടെ പോഷണം
- പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ

## പ്രവർത്തനങ്ങൾ

### ജൂൺ

- ചിത്രം നോക്കൂ വരക്കൂ
- രൂപം കണ്ടെത്താം
- ഈർക്കിൽ വീട് നിർമ്മാണം
- ചിത്രശലഭം. വരയ്ക്കൂ നിറം നിറം നൽകൂ.

### ജൂലൈ

- വശം അളക്കാം
- ഈർക്കിൽ ചതുരം

- സംഖ്യാ രഹസ്യം കണ്ടുപിടിക്കൂ
- സംഖ്യാ കാർഡുകൾ
- എണ്ണാം വരയ്ക്കാം വായിക്കാം

## ആഗസ്റ്റ്

- എത്ര നൂറുകൾ
- സംഖ്യാചക്രം
- റോമൻ സംഖ്യകൾ
- പസിൽ കോർണർ

## സെപ്റ്റംബർ

- സംഖ്യാമാല തയ്യാറാക്കൽ
- ഗണിത കോർണർ
- ഉത്തരപ്പൂക്കൾ

## ഒക്ടോബർ

- ക്ലോക്ക് നോക്കൂ,
- സമയം എഴുതൂ
- സമയം ക്ലോക്കിൽ വരച്ചു ചേർക്കൂ
- കോടീസ് ബോർഡ്
- കലണ്ടർ കണക്ക്

<u>നവംബർ</u>

- നിറം നൽകൂ
- നമ്പർ ഗെയിംസ്

<u>ഡിസംബർ</u>

- ഗണിത ലാബ് ഒരുക്കൽ
- ആകൃതികൾ കണ്ടെത്തൽ
- ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം

<u>ജനുവരി</u>

- വിവിധതരം കളികൾ (സങ്കലനം - വ്യവകലനം ഉറപ്പിക്കൽ)

<u>ഫെബ്രുവരി</u>

- പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം
- ഗണിതപ്പൂക്കളം ഒരുക്കൽ

<u>മാർച്ച്</u>

- പ്രശ്നോത്തരി, പസിൽ, പാട്ടുകൾ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- നിരീക്ഷണം - അറിവ് നിർമ്മാണം
- ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ
- ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ
- ഉപകരണം - ഉന്യ - ദ്രുപട വായന സൂചിക പരിചയപ്പെടൽ
- ശാസ്ത്ര പഠനം രസകരമാക്കൽ
- ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം
- ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന

## പ്രവർത്തനങ്ങൾ

ജൂൺ

- പട്ടിക തയ്യാറാക്കൽ
- കുറിപ്പുകൾ - മനുഷ്യന്റെയും ജീവികളുടെയും സാദൃശ്യ വ്യത്യാസങ്ങൾ
- വയൽ/കുളം നിരീക്ഷണം
- പ്രകൃതി നടത്തം

ജൂലൈ

- നിരീക്ഷണം
- ഭൂപട വായന
- ഭൂപട രചന
- സൂചികാ നിർമ്മാണം
- സൂചിക ഉപയോഗിക്കൽ
- റാഗിൻ തയ്യാറാക്കൽ
- ചിത്രങ്ങൾ ആൽബം തയ്യാറാക്കൽ
- പതിപ്പ്

ആഗസ്റ്റ്

- നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ
- പക്ഷികൾ - ആൽബം
- പട്ടിക തയ്യാറാക്കൽ

സെപ്റ്റംബർ

- കലകൾ - കുറിപ്പ് തയ്യാറാക്കൽ
- ചിത്ര ശേഖരണം

ഒക്ടോബർ

- പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്ര് ശില്പുകൾ സംഘടിപ്പിക്കൽ.
- ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ
- പരീക്ഷണം

## നഗരങ്ങൾ

നിരീക്ഷണം

- ഗ്രഹങ്ങൾ പേടകങ്ങൾ - കൃത്രിമോപഗ്രഹങ്ങൾ
- വന നിരീക്ഷണം - ചിത്ര ശേഖരണം
- വാർത്താ ശേഖരണം

## ഖനിജങ്ങൾ

- ധാതുനിക്ഷേപം - നിർണ്ണയം

## ആഴക്കടൽ

- പവിഴപ്പുറ്റ്
- ഫിഷ് ഷോളുകൾ

## കാലാവസ്ഥ

- ഭാവി മാറ്റങ്ങളുടെ നിർണ്ണയം
- മേഘങ്ങൾ, പേടകങ്ങൾ - പഠിക്കപ്പെടുന്നു

## ഉപസംഹാരം

വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥയെക്കുറിച്ചും ഒരു മാതൃകാ വിദ്യാലയമാകുന്നതിനാവശ്യമായ അക്കാദമികവും, ഭൗതികവും, സാമൂഹികവുമായ പ്രവർത്തനങ്ങളെക്കുറിച്ചും പ്രതിപാദിച്ചു കഴിഞ്ഞു. നാം ഉദ്ദേശിച്ച ലക്ഷ്യത്തിലേക്ക് എത്തുന്നതിന് എല്ലാ വ്യക്തികളുടെയും, സർക്കാർ ഏജൻസി മേഖലകളിൽ നിന്നും ആവശ്യമായ സഹകരണങ്ങൾ നേടിക്കൊണ്ട് കൂട്ടായ പ്രവർത്തനങ്ങളിലൂടെ പൊതുവിദ്യാഭ്യാസത്തിന്റെ മികവാർന്ന കേന്ദ്രമായ ഈ വിദ്യാലയത്തെ മികവിന്റെ മറ്റൊരു കേന്ദ്രമായി മാറ്റുന്നതിനായുള്ള ശ്രമങ്ങളിൽ നമുക്ക് പങ്കാളികളാകാം.